# ദക്ഷിണാഫ്രിക്കയിൽ അതിഥികൾക്ക് സമ്മാനമായി നീരയും !

കൊച്ചി ● നീരയും കേരവും കടൽ കടന്ന് ദക്ഷിണാഫ്രിക്കയിലേക്ക്. ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനത്തിൽ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ അവിടെ നാഷനൽ ഡേ ആഘോഷിക്കുമ്പോൾ പങ്കെടുക്കാനെത്തുന്ന അതിഥികൾക്കു സമ്മാനമായി നൽകുന്നതു നാളികേര ഉൽപന്നങ്ങളാണ്.

നീര ഹണി, നീര ശർക്കര, സ്പൈസ് ജാഗറി, നീര ഷുഗർ, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് ചിപ്സ് എന്നിവയുടെ 500 വീതം പായ്ക്കറ്റുകളാണ് അയച്ചിരിക്കുന്നത്. ഇതിൽ വെർജിൻ കോക്കനട്ട് ഓയിൽ കേരടെക്കിന്റെയും ചിപ്സ് കൊടുങ്ങല്ലൂർ നാളികേര ഉൽപാദക കമ്പനിയുടെയും ഉൽപന്നങ്ങളാണ്. മറ്റുള്ളവ നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിർമിച്ചവയും. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ ഹൈക്കമ്മിഷണർ രുചിഘനശ്യാം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് ഉൽപന്നങ്ങൾ അയച്ചത്.

ദക്ഷിണാഫ്രിക്കയിൽ നാളികേര ഉൽപന്നങ്ങളും നീരയുടെ മൂല്യ വർധിത ഉൽപന്നങ്ങളും പരിചയപ്പെടുത്താനുള്ള അവസരമായാണ് ബോർഡ് ഇതിനെ കാണുന്നത്.